# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*286

19-06-2019 ൽ മറുപടിയ്ക്ക്

## നെൽകൃഷി വ്യാപനം

**ചോദ്യം**
ശ്രീ.ഒ. ആർ. കേളു
,, ആർ. രാജേഷ്
,, പി. ഉണ്ണി
,, മുരളി പെരുനെല്ലി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷിയിൽ ഉത്തമ കൃഷി മുറകൾ പാലിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നെൽകൃഷിയിൽ ഉത്തമ കൃഷി മുറകൾ പാലിക്കുന്നതിനായി വിവിധ പദ്ധതികൾ പ്രകാരം ധനസഹായവും ബോധവൽക്കരണവും തുടർച്ചയായ ഇടപെടലുകളും നടത്തി വരുന്നു. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്റ്റിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഏഴ് പ്രത്യേക കാർഷിക മേഖലകളിലായി അടിസ്ഥാനസൗകര്യ വികസനത്തിനു മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കിവരുന്നു. |
| (ബി) | നെൽകൃഷിയുടെ വിസ്തൃതി കൂടുതൽ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തരിശുനില കൃഷിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഈ സർക്കാർ നിലവിൽ വന്നതു മുതൽ തരിശുനില കൃഷിക്ക് പ്രത്യേക പ്രാധാന്യം നൽകി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഒരു പ്രധാന ഘടകമാണു തരിശുനില കൃഷി. തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകി വരുന്നു. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നു. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5800/- രൂപയും 1200/- രൂപയും; മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്. നെൽകൃഷി മേഖലയിൽ പദ്ധതിയധിഷ്ഠിതമായും തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനു വ്യവസ്ഥയുണ്ട്. മൂന്നു വർഷങ്ങളിലായി 11936.078 ഹെക്ടർ തരിശു ഭൂമിയിൽ നെൽകൃഷി ചെയ്യിക്കുവാൻ ഈ പദ്ധതി പ്രകാരം സാധിച്ചിട്ടുണ്ട്.<br>തരിശു ഭൂമിയിൽ പച്ചക്കറി/ കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനു ഹെക്ടറൊന്നിനു 30000/- രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽ കൃഷിക്കു നൽകുന്നതു പോലെ ഭൂവുടമയ്ക്ക് 5000/- രൂപയും കർഷകനു 25000/- രൂപയുമാണ് ധനസഹായം. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്നു സീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിറുത്തുവാൻ ബാദ്ധ്യസ്ഥരാണ്.<br>തരിശു ഭൂമി നെൽകൃഷിക്ക് അനുയോജ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനു പദ്ധതിയധിഷ്ഠിതമായി സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, ആർ കെ വി വൈ, സ്മാം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾ എന്നിവയിലൂടെ ധനസഹായം ലഭ്യമാക്കുന്നുണ്ട്. |
| (സി) | നെൽകൃഷി വ്യാപനത്തിനായി 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്ന മുദ്രാവാക്യം മുൻനിർത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | നമ്മുടെ നെല്ല് നമ്മുടെ അന്നം എന്ന മുദ്രാവാക്യത്തോടെ 2016 ആഗസ്റ്റ് (ചിങ്ങം1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം1) വരെയുള്ള ഒരു വർഷക്കാലം നെൽ വർഷമായി ആചരിച്ചു. അതിന്റെ ഭാഗമായി നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ നടപ്പാക്കുന്നതിനു പദ്ധതിയധിഷ്ഠിത ധനസഹായം നൽകിയിരുന്നു. പ്രസ്തുത പദ്ധതിഘടകം 2017-18 ലും 2018-19 ലും നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഘടകങ്ങളായ സുസ്ഥിരകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള |

പ്രോൽസാഹനം. പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായുള്ള പദ്ധതി, കരനെൽകൃഷി വികസനം, തരിശുനില കൃഷി, ഒരുപ്പു കൃഷി ഇരുപ്പു കൃഷിയാക്കുന്നതിനുള്ള പദ്ധതികൾ, നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽ കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിത ധനസഹായം, പരിസ്ഥിതി സൗഹൃദ, സുസ്ഥിര ആശയങ്ങൾ നെൽകൃഷിയിൽ നടപ്പാക്കുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം, ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം, പാടശേഖര സമിതികൾ സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം എന്നിവക്ക് പദ്ധതിയധിഷ്ഠിതമായി 100 ഇന പരിപാടികളും ഉദ്ദേശിച്ചിരുന്നു. അതിൽ നെല്ലുത് പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദമേഖലയും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുക ആണ് പ്രധാന ലക്ഷ്യം.

2017-18 സാമ്പത്തിക വർഷം 159.67 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. 2018-19 സാമ്പത്തിക വർഷം 101.59944 ലക്ഷം രൂപയുടെ ആനുകൂല്യം നൽകുകയുണ്ടായി.

സെക്ഷൻ ഓഫീസർ